(14) കെട്ടിടത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശത്തിൽ പൂർണ്ണമായി ഉൾക്കൊള്ളാത്തതും എന്നാൽ താരതമ്യേന കൂടുതൽ തുക ചെലവാക്കിനിർമ്മിച്ചകെട്ടിടങ്ങൾക്ക് സമാനമായ സൗകര്യമുള്ള കെട്ടിടങ്ങളുമായി താര്യതമ്യപ്പെടുത്തി അനുയോജ്യമായ മാർക്ക്.

(ബി) സർക്കാർ നിയമിച്ച കമ്മറ്റിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചത്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(സി) 75 കോളേജുകൾക്ക് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നു. കോളേജുകളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

(ഡി) സമിതി മുമ്പാകെ നേർക്കാഴ്ച്ചക്ക് ഹാജരായ 141 അപേക്ഷകരിൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതാണ്ട് എല്ലാവരും തന്നെ സർക്കാരിൽ പരാതി നൽകുകയും ചില ഏജൻസികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ---അനുവദിച്ചവയും നിർത്തിവച്ചവയും

142 [761] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ഫാർമസി കോളേജുകൾ, എം. ബി. എ. കോളേജുകൾ, എം. സി. എ. കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ, പാരാ മെഡിക്കൽ വിഭാഗത്തിലുള്ള കോളേജുകൾ, ബി. എഡ്. കോളേജുകൾ, ടി. ടി. സി. ഇൻസ്റ്റിറ്റ്യൂട്ടുകൾ, പോളിടെക്നിക്കുകൾ, ലോ കോളേജ്, ഹയർ സെക്കണ്ടറി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ച ശേഷം നിർത്തിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സ്ഥാപനമാണ് നിർത്തിയതെന്നും എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ മേഖലയിൽ എത്ര എൽ.പി. സ്കൂളുകൾ, യു.പി. സ്കൂളുകൾ, ഹൈസ്ക്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, എന്നിവയ്ക്ക് അംഗീകാരം നൽകിയെന്നും എത്രയെണ്ണം അൺ-എയിഡഡിൽ നിന്നും എയിഡഡ് സ്ക്കൂളാക്കി മാറ്റി എന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയമേഖലയിൽ 55 എഞ്ചിനീയറിംഗ് കോളേജുകൾ, 6 മെഡിക്കൽ കോളേജുകൾ, 14 ഫാർമസി കോളേജുകൾ, 15 എം. ബി. എ. കോളേജുകൾ, 29 എം. സി. എ. കോളേജുകൾ, 2 ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ, പാരാ മെഡിക്കൽ വിഭാഗത്തിൽ 11 കോളേജുകൾ, 10 ബി.എഡ്. കോളേജുകൾ, 79 ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ലോ കോളേജ്, എന്നിവ അനുവദിച്ചിട്ടുണ്ട്. പോളിടെക്നിക്കുകൾ ഒന്നും അനുവദിച്ചിട്ടില്ല. നഴ്സിംഗ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രവർത്തനം ആരംഭിച്ച ശേഷം ഒരു എഞ്ചിനീയറിംഗ് കോളേജ് നിർത്തിവച്ചിട്ടുണ്ട്.

(സി) കോട്ടയം ജില്ലയിലെ കോടിമത എന്ന സ്ഥലത്തുള്ള മാർഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്ന പേരിലുള്ള എഞ്ചിനീയറിംഗ് കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലും കോളേജിന് സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്തതിനാലും 2003-ൽ നിർത്തലാക്കി.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാശ്രയ സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

143 [762] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ /സ്വകാര്യമേഖലയിൽ അനുവദിച്ച മെഡിക്കൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ബി.എഡ്., ടി.ടി.സി. സ്ഥാപനങ്ങളുടെയും പേരു വിവരവും അവ ഏതേത് മാനേജ്മെന്റിന്റെ കീഴിലാണെന്നും ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ /സ്വകാര്യമേഖലയിൽ അനുവദിച്ച മെഡിക്കൽ, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും, ടി.ടി.സി. സ്ഥാപനങ്ങളുടെയും വിശദാംശം അനുബന്ധം I-VI ആയി ചേർക്കുന്നു. ബി.എഡ്. സ്ഥാപനങ്ങളുടെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly